Bodhi International Journal of Research in Humanities, Arts and Science
Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

# മലയാള ചലച്ചിത്രഗാനങ്ങളിലെ സാംസ്കാരികയുക്തികളും ബഹുഭാഷാപ്രതിധ്വനികളും

*ശാലിനി രാമചന്ദ്രൻ*
*അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം*
*സിഎംസ് കോളേജ് കോട്ടയം (ഓട്ടോണമസ്)*

Open Access

Manuscript ID:
BIJ-SPL1-DEC25-ML-078

Subject: Malayalam

Received : 10.08.2025
Accepted : 02.10.2025
Published : 31.12.2025

DOI: 10.64938/bijsi.v10si1.25.Dec078

Copy Right:

This work is licensed under a Creative Commons Attribution-ShareAlike 4.0 International License.

**പ്രബന്ധ സംഗ്രഹം**

വിവിധ ഇടങ്ങളിൽ രൂപപ്പെടുന്ന സിനിമകൾ വ്യത്യസ്തമായ സാസ്കാരികപ്രതിനിധാനങ്ങൾ പങ്കുവയ്ക്കുന്നു. ഡബ്ബിങ്, റീമേക്ക് എന്നിങ്ങനെ വിവിധ സാധ്യതകളിലൂടെ വിവിധ ഭാഷകളിലേക്ക് സിനിമകൾ കടന്നുവരുന്നുണ്ട്. സിനിമകളിലെ ഗാനങ്ങളിലൂടെയും വിപണിതാല്പര്യങ്ങൾ, വൈകാരിക ഘടകങ്ങളുടെ പ്രതിനിധാനം എന്നിവ സംഭവിക്കുന്നുണ്ട്. തിയോഡോർ അഡോർണോയും മാക്സ് ഹോർഖൈമറും സങ്കൽപ്പിച്ചതുപോലെ, സാംസ്കാരിക വ്യവസായത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂട് ഉപയോഗിച്ച് തിരഞ്ഞെടുത്ത മലയാള ചലച്ചിത്ര ഗാനങ്ങളുടെ സാംസ്കാരിക യുക്തിയും ബഹുഭാഷാ പരിവർത്തനങ്ങളും ഈ പ്രബന്ധം വിശകലനം ചെയ്യുന്നു. മുതലാളിത്തത്തിന് കീഴിലുള്ള സാംസ്കാരിക ഉൽപ്പന്നങ്ങൾ സാധാരണവൽക്കരിക്കപ്പെടുകയും, ചരക്കാക്കി മാറ്റപ്പെടുകയും, ബഹുജന ഉപഭോഗത്തിനായി പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്നുവെന്ന് അഡോർണോയും (Theodor Adorno) ഹോർഖൈമറും (Horkheimer) വാദിച്ചു. ഇത് അവയുടെ ആധികാരികതയും സ്വത്വസവിശേഷതകളും നഷ്ടപ്പെടുന്നതിലേക്ക് നയിക്കുന്നു. ദൃശ്യം എന്ന മലയാളം സിനിമയിലെ 'മാരിവിൽ കുട നീർത്തും' എന്ന ഗാനവും ബോഡിഗാർഡ് സിനിമയിലെ 'അരികത്തായാരോ പാടുന്നുണ്ടോ' എന്ന ഗാനവും മലയാളം കൂടാതെ തമിഴ്, തെലുങ്ക് തുടങ്ങിയ ഭാഷകളിലേക്കും കടന്നുവന്നിട്ടുണ്ട്. ഈ ഗാനങ്ങളിലെ ദൃശ്യപരതയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്; ബഹുഭാഷാവിനിമയങ്ങളിലെ ഭാഷാപരമായ മാറ്റങ്ങൾ, സാംസ്കാരിക ഏകീകരണം, ചരക്കുവൽക്കരണം, വൈകാരിക ഘടകങ്ങളുടെ തെരഞ്ഞെടുപ്പുകൾ, ശബ്ദ-താള-ബിംബങ്ങളുടെ സൗന്ദര്യാത്മക തിരഞ്ഞെടുപ്പുകൾ എന്നിവ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് ഈ പ്രബന്ധം പരിശോധിക്കുന്നു. ഇവിടെ ചലച്ചിത്ര സംഗീതമെന്നാൽ വിനോദപരതയ്ക്ക് അപ്പുറമായി ഒരു പ്രത്യയശാസ്ത്ര നിർമ്മിതി

കൂടിയാകുന്നു.

**താക്കോൽ വാക്കുകൾ:** ബഹുഭാഷാ വിവർത്തനം (Multilingual translation), സാംസ്കാരിക വ്യവസായം (Cultural industry), ജനപ്രിയ സംസ്കാരം (Popular culture), മാധ്യമ ചരക്കുവൽക്കരണം (Media commodification), വിവർത്തനം (Translation), മുതലാളിത്തം (capitalism), പോളിഗ്ലോസിയ (Polyglossia), Mass production, Standardization of culture, Cultural homogenization

**ആമുഖം**

സിനിമകളേക്കാൾ കൂടുതൽ അതിലെ സംഗീതങ്ങളാണ് വിവിധ ജനവിഭാഗങ്ങളുമായി ആവർത്തിച്ചുള്ള സമ്പർക്കത്തിന് വിധേയമാകുന്നത്. അതുകൊണ്ടുതന്നെ ചലച്ചിത്ര ഗാനങ്ങളിലെ ദൃശ്യങ്ങൾ, വരികൾ, അവയുടെ പ്രത്യക്ഷവും പരോക്ഷവുമായ അർത്ഥസാധ്യതകൾ എന്നിവ പല രീതിയിലും പൊതുജനങ്ങളെ സ്വാധീനിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക സ്വത്വത്തെയും വൈകാരിക ഓർമ്മകളെയും രൂപപ്പെടുത്തുന്നതിൽ മലയാള ചലച്ചിത്ര സംഗീതം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സമീപ വർഷങ്ങളിലെ മലയാള സിനിമാഗാനങ്ങൾ വൈവിധ്യങ്ങൾ കടന്നുവരുന്നുണ്ട്. ഇതര ഭാഷകളുടെ ശൈലിയിലുള്ളതും താളത്തിലുള്ളതുമായ രചനാരീതി, ഒരുപാട്ടിൽ തന്നെ ഒന്നിലധികം ഭാഷകൾ പ്രത്യക്ഷപ്പെട്ടുന്നത്, അന്താരാഷ്ട്ര തലത്തിലുള്ള സംഗീതരീതികളുടെ സാന്നിധ്യം ഫോക്ക് രീതികളോട് ബന്ധപ്പെടുത്തി ആവിഷ്കരിക്കുക, പുതുതലമുറയുടെ ഇഷ്ടങ്ങൾക്ക് പ്രാധാന്യം നൽകുക എന്നിവയെല്ലാം പുതുകാല സംഗീതത്തിന്റെ ചില സവിശേഷതകളാണ്. അങ്ങനെ പ്രാദേശിക അതിരുകൾക്കപ്പുറത്തേക്ക് അവയുടെ വ്യാപ്തി വർദ്ധിച്ചു. ഈ ബഹുഭാഷാ പതിപ്പുകൾ ഭാഷാപരമായ മാറ്റത്തെ മാത്രമല്ല, സങ്കീർണ്ണമായ സാംസ്കാരിക ചർച്ചകളുടെ ഒരു പ്രക്രിയയെയും പ്രതിഫലിപ്പിക്കുന്നു.

മുതലാളിത്ത സമൂഹങ്ങളിൽ സാംസ്കാരിക രൂപങ്ങൾ എങ്ങനെ ചരക്കായി മാറുന്നുവെന്നും അവയുടെ നിർണായകമായ വിവിധ ഇടങ്ങൾ നഷ്ടപ്പെടുന്നതെങ്ങനെയെന്നും വിമർശിക്കുന്ന അഡോർണോയുടെയും ഹോർക്കൈമറിന്റെയും സാംസ്കാരിക വ്യവസായത്തിന്റെ സൈദ്ധാന്തിക വീക്ഷണങ്ങൾ ഈ പ്രബന്ധം പ്രയോജനപ്പെടുത്തുന്നു. ഇതനുസരിച്ച്, സിനിമയും ജനപ്രിയ സംഗീതവും കലാപരമായ ചുറ്റുപാടുകൾക്കപ്പുറമായി വിപണി താൽപ്പര്യങ്ങൾ നിറവേറ്റുന്നതിനായുള്ള മാനദണ്ഡമാക്കപ്പെടുകയും അതിനനുസൃത കൃത്രിമത്വങ്ങളും വ്യത്യാസങ്ങളും കാണിക്കുകയും ചെയ്യുന്നു. ആത്യന്തികമായി, ജനപ്രിയ

സിനിമാ ഗാനങ്ങൾ ഇന്ത്യൻ സിനിമയിലെ സാംസ്കാരിക ഉൽപാദനത്തിന്റെയും ചരക്കുവൽക്കരണത്തിന്റെയും ഘടകകളെ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്ന് വിശകലനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. തമിഴ്, തെലുങ്ക് ഭാഷകളിലുള്ള ഗാനങ്ങളെ വിലയിരുത്തുമ്പോൾ തന്നെ മലയാള ഗാനത്തിലാണ് പ്രധാനമായും ഈ ലേഖനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്.

**ഗവേഷണചോദ്യങ്ങൾ:**

1. മലയാള ചലച്ചിത്ര ഗാനങ്ങളുടെ നിർമ്മാണത്തെയും വിതരണത്തെയും സാംസ്കാരിക വ്യവസായം രൂപപ്പെടുത്തുന്നതെങ്ങനെ ?
2. ഏതൊക്കെ വിധത്തിലാണ് സ്റ്റാൻഡേർഡൈസേഷനും വാണിജ്യവൽക്കരണവും അഡോർണോയും ഹോർക്കൈമറും നിർദ്ദേശിച്ചതുപോലെ മലയാള ഗാനങ്ങളുടെ ഡബ്ബ് ചെയ്തതോ പുനർനിർമ്മിച്ചതോ ആയ പതിപ്പുകളിൽ പ്രതിഫലിക്കുന്നത്?
3. മലയാള ചലച്ചിത്ര ഗാനങ്ങളുടെ ബഹുഭാഷാ പതിപ്പുകൾ സാംസ്കാരികവും വൈകാരികവും ഭാഷാപരവുമായ സൂക്ഷ്മതകളെ ഏതുവിധത്തിലാണ് നിലനിർത്തുകയും പരിവർത്തനം ചെയ്യുകയും ചെയ്യുന്നത് ?
4. വരികളുടെ വിവർത്തനം പ്രാദേശിക സ്വത്വങ്ങളുടെ ഏകീകരണത്തിന് എങ്ങനെ നിദാനമാകുന്നു, അവിടെ അവയുടെ ആധികാരികത നഷ്ടമാകുന്നുണ്ടോ, വികാരം, താളം, കാവ്യാത്മകത എന്നിവയുടെ വിനിമയം എങ്ങനെ ?
5. ആഗോളവൽക്കരിക്കപ്പെട്ട ജനപ്രിയ സംസ്കാരം കെട്ടിപ്പടുക്കുന്നതിൽ ബഹുഭാഷാ ചലച്ചിത്ര ഗാനങ്ങളും അവയുടെ സ്വീകാര്യതയും എന്ത് പങ്കാണ് വഹിക്കുന്നത്?

**രീതിശാസ്ത്രം**

ഒറിജിനൽ ഗാനത്തിന്റെ ഈണവും ദൃശ്യങ്ങളും അതേപടി തുടരുകയും പക്ഷേ വരികൾ മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്യുന്നതിനെ ഡബ്ബിങ് എന്ന് പറയുന്നു. പുതിയ ഗായകർ, അഭിനേതാക്കൾ, പുതിയ വരികൾ, ഈണം, വ്യത്യസ്തമായ ഓർക്കസ്ട്രേഷൻ എന്നിവയോട് കൂടി ചിത്രീകരിക്കുന്നവയാണ് റീമേക്ക്. വരികൾ മറ്റൊരു ഭാഷയിൽ പുനർനിർമ്മിക്കപ്പെടുന്നതാകയാൽ ഈ പ്രബന്ധത്തിൽ ഡബ്ബിങ്, റീമേക്ക് എന്നീ രണ്ടു പദങ്ങളെക്കാൾ ഉപരിയായി വിവർത്തനമെന്ന പദത്തെയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

ഗുണാത്മക രീതിയിലുള്ള (Qualitative Analysis) വിശകലനത്തിലൂടെ തെരഞ്ഞെടുത്ത പാട്ടുകളിലെ സാംസ്കാരിക -വൈകാരിക ആവിഷ്കാരങ്ങൾ, വിപണി പശ്ചാത്തലങ്ങൾ എന്നിവയെ വിവരണാത്മകമായി വിശകലനം ചെയ്യുന്നു.

Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

**അപഗ്രഥനം**

മോഹൻലാലും മീനയും പ്രധാന വേഷങ്ങളിലഭിനയിച്ച 'ദൃശ്യം' സിനിമയ്ക്ക് ജിത്തു ജോസഫാണ് രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്. 2013-ൽ പുറത്തിറങ്ങിയ ഈ മലയാളം ത്രില്ലർ ചലച്ചിത്രം, ആശിർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂരാണ് നിർമ്മിച്ചിരിക്കുന്നത്. ചിത്രത്തിന്റെ സംഗീതസംവിധാനം വിനു തോമസും പശ്ചാത്തലസംഗീതം അനിൽ ജോൺസണും ഒരുക്കിയിരിക്കുന്നു. സിദ്ദിഖ് സംവിധാനം ചെയ്ത് ദിലീപ്, നയൻതാര, മിത്ര കുര്യൻ എന്നിവര് പ്രധാന അഭിനേതാക്കളായെത്തുന്ന മലയാളചലച്ചിത്രമാണ് ബോഡി ഗാർഡ്. 2010-ൽ പുറത്തിറങ്ങിയ ഈ ചിത്രത്തിൽ സംഗീതം നിർവഹിച്ചിരിക്കുന്നത് ഔസേപ്പച്ചനും നിർമ്മാണം ജോണി സാഗരിഗയുമാണ്. 2011ൽ ബോഡി ഗാർഡ് 'കാവലൻ' എന്നപേരിൽ വിജയ്, അസിൻ, രാജ്കിരൺ, മിത്ര കുര്യൻ എന്നിവരെ മുഖ്യകഥാപാത്രങ്ങളാക്കി പുറത്തിറങ്ങി. 2012ലാണ് ബോഡിഗാർഡ് തെലുങ്കിൽ വരുന്നത്. വെങ്കഡേഷ്, തൃഷ കൃഷ്ണൻ, പ്രകാശ് രാജ്, സലോണി അശ്വിനി എന്നിവരാണ് പ്രധാനകഥാപാത്രങ്ങൾ.

മുതലാളിത്തത്തിന്റെ കീഴിൽ, സാംസ്കാരിക ഉൽപ്പന്നങ്ങൾ (സിനിമകൾ, ഗാനങ്ങൾ, കല) വ്യാവസായിക ചരക്കുകളായാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്ന് അഡോർണോയും ഹോർഖൈമറും (1944) വാദിച്ചു. ഇവിടെ കലാപരമായ നവീകരണമല്ല, ലാഭവും ബഹുജന ഉപഭോഗവുമാണ് പ്രധാന ലക്ഷ്യം. ഇവിടെയെല്ലാം സാംസ്കാരിക ഉൽപ്പന്നങ്ങൾ നിശ്ചിത ഘടന പിന്തുടരുന്നു. ഒരേ സംഗീത ഘടന, വൈകാരികസൂചനകൾ, വസ്ത്രങ്ങളുടേയും മറ്റും അമിതഇടപെടൽ എന്നിവ ഉദാഹരണമാണ്. സ്റ്റാൻഡേർഡൈസേഷന്റെ (Standardization) ഭാഗമായാണിതെല്ലാംസംഭവിക്കുന്നത്.

വാൾട്ടർ ബെഞ്ചമിൻ കല പുനർനിർമ്മിക്കപ്പെടുമ്പോൾ, അതിന്റെ അതുല്യതയും ആധികാരികതയും (Aura) അപ്രത്യക്ഷമാകുന്നതായി സൂചിപ്പിക്കുന്നുണ്ട്. ആധിപത്യ പ്രത്യയശാസ്ത്രങ്ങളെയും നിഷ്ക്രിയമായ സ്വീകരണത്തെയും ശക്തിപ്പെടുത്തുന്നതിനായി സാംസ്കാരിക ഉൽപ്പന്നങ്ങൾ വൻതോതിൽ വിനിമയം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മൊത്തത്തിലുള്ള ഘടന ഒരുപോലെ തുടരുമ്പോൾ തന്നെയും അഭിനേതാക്കളെ മാറ്റുക, വരികളോ ചെറിയ സംഗീത ഘടകങ്ങളോ മാറ്റുക തുടങ്ങിയ ചെറിയതും ഉപരിപ്ലവവുമായ വ്യത്യാസങ്ങൾ വ്യത്യസ്തതയെ കുറിക്കുന്ന മിഥ്യാധാരണ നൽകുന്നു. അത് ഒരുതരത്തിലുള്ള കപട-വ്യക്തിവൽക്കരണമാണ് (Pseudo-individualization). അതേസമയം പ്രേക്ഷകരെ വിമർശനാത്മകസ്വഭാവത്തോടെയുള്ള വ്യക്തികളായിട്ടല്ല മറിച്ച്

Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

കേവലഉപഭോക്താക്കളായാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്.
ഉപഭോക്താക്കളുടെ സ്വാതന്ത്ര്യങ്ങളെയും ഇഷ്ടങ്ങളെയും അടിസ്ഥാനപരമായി സ്വാധീനിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്തുകൊണ്ട് നിഷ്ക്രിയ പ്രേക്ഷകരെ സൃഷ്ടിക്കുന്നതിന് മുതലാളിത്തം വഴിയൊരുക്കുന്നു. ഒരു തരത്തിലുള്ള കൃത്രിമത്വം (Mass Deception) ആണിത്.

സാംസ്കാരിക ഘടകങ്ങൾ ഉൽപ്പന്നങ്ങളായി (Commodification) മാറുകയും 'കലാമൂല്യം' നിർണ്ണയിക്കുന്നതിന് കലാപരമായ യോഗ്യതയേക്കാൾ വാണിജ്യ വിജയങ്ങൾ മുഖ്യപങ്കുവഹിക്കുകയും ചെയ്യുന്നു. കാര്യക്ഷമത, ലാഭം, മാർക്കറ്റിംഗ്, ബ്രാൻഡ് മൂല്യം തുടങ്ങിയ ഘടകങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന വിധത്തിൽ മറ്റേതൊരു വ്യവസായത്തെയും പോലെ സംസ്കാരവും വ്യവസായവൽക്കരിക്കപ്പെടുകയാണ്. സാമൂഹികമായ അനുരൂപത നിലനിർത്തുക, വിമർശനാത്മക ചിന്ത കുറയ്ക്കുക, പ്രേക്ഷകരെ ഉപഭോഗപരതയിൽ നിലനിർത്തുക തുടങ്ങിയ മുതലാളിത്ത താല്പര്യങ്ങൾ പ്രായോഗികമാക്കുന്നതിനുള്ള ഉൽപ്പന്നങ്ങളായി ചലച്ചിത്ര സംഗീതങ്ങളും മാറുന്നു.

ഗൃഹാതുരത്വവും ആലങ്കാരികവും പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള ബിംബങ്ങളോട് കൂടിയതുമായ വരികളാണ് 'മാരിവിൽ കുട നീർത്തും' എന്ന പാട്ടിൽ. പ്രതിസന്ധിക്ക് മുമ്പുള്ള കഥാപാത്രങ്ങളുടെ ആന്തരിക-വൈകാരിക ലോകത്തെയും കുടുംബജീവിതത്തെയും ഈ വരികൾ പ്രതിഫലിപ്പിക്കുന്നു. ഐക്യം, സമാധാനം,വാത്സല്യം എന്നിങ്ങനെ വിവിധ മൂല്യങ്ങളെ ഈ വരികൾ സൂചിപ്പിക്കുന്നുണ്ട്. തെലുങ്കിൽ വരികൾ സമാനമായ പ്രമേയങ്ങൾ ഉണർത്തുമ്പോൾ തന്നെയും കൂടുതൽ നാടകീയമാണ്. മലയാളത്തിൽ വിജയ് യേശുദാസ് പാടിയിരിക്കുന്ന ഈ ഗാനം തെലുങ്കിലേക്ക് വരുമ്പോൾ കാർത്തിക് ആണ് പാടുന്നത്. മലയാളം പതിപ്പ് പ്രകൃതിയോട് ഇണങ്ങിച്ചേർന്ന ബിംബങ്ങൾ ധാരാളം കൊണ്ടുവരുന്നുണ്ട്. മാരിവിൽ, അമ്മക്കിളി, ആൺകിളി ഇവയെല്ലാം കുടുംബ ബന്ധത്തെ സൂചിപ്പിക്കുമ്പോൾ വെയിൽ, മഞ്ഞ് മുതലായവ ജീവിത പ്രതിസന്ധികളെ സൂചിപ്പിക്കുന്നു. മൃദുത്വമേറിയ ശബ്ദമാണ് പാടാനായി ഉപയോഗിക്കുന്നത്. ദൃശ്യങ്ങളിൽ ഉപഭോഗപരതയുടെ സൂചനകൾ കടന്നുവരുന്നുണ്ടെങ്കിലും വരികൾ വൈകാരികമായ അടുപ്പത്തെയും ഗ്രാമീണമായ നിഷ്കളങ്കതയും സൂചിപ്പിക്കുന്ന വിധത്തിലാണ് കടന്നുവരുന്നത്.

തെലുങ്കിൽ വ്യക്തതയും ഗാംഭീര്യവും ഏറിയ ശബ്ദമാണ് ഗാനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 'പ്രതി റോജു പണ്ടുഗ' എന്നുതുടങ്ങുന്ന വരികൾ ആഘോഷത്തിനുള്ള പ്രാധാന്യത്തോടെയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. വീട്ടിൽ നിന്നും

നായകനും കുടുംബവും ടൗണിലേക്ക് പോകുന്നതും എസ്കലേറ്റർ ഉപയോഗിക്കുന്നതും മാല, വസ്ത്രങ്ങൾ, ഭക്ഷണം, ചെരുപ്പ്, സിനിമാ തിയേറ്റർ എന്നിങ്ങനെയുള്ള ആധുനിക ഇടങ്ങളുമായി ഉപഭോഗപരമായ താല്പര്യത്തോടുകൂടി ഇടപെടുന്നതും തെലുങ്കിൽ കാണിക്കുന്നുണ്ട്. മലയാളത്തിലും സമാനമായ രീതിയിൽ കോർപ്പറേറ്റ് മുതലാളിത്തത്തെ സൂചിപ്പിക്കുന്ന ഘടകങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്.

മലയാളം സിനിമയുടെ അവസാനം കഥാനായകന്റെ കുടുംബം മുത്തച്ഛനെയും മുത്തശ്ശിയേയും കാണാൻ സമ്മാനങ്ങളുമായി പോകുന്നതായി ആവിഷ്കരിക്കുമ്പോൾ തെലുങ്കിൽ അവരുടെ കയ്യിൽ ഈ സമ്മാനം ഇല്ല. ഇത് സാംസ്കാരികമായ വ്യത്യാസത്തെ സൂചിപ്പിക്കുന്ന ഒരു ഘടകമാണ്. തമിഴ് ഗാന പശ്ചാത്തലത്തിൽ വസ്ത്രം എടുക്കാനായി പോകുന്നുണ്ടെങ്കിലും അവിടെ പുറത്തുനിന്ന് ഭക്ഷണം കഴിക്കുന്ന ആവിഷ്കാരം കടന്നു വരുന്നില്ല.

മറ്റ് സിനിമകളിൽ തിയേറ്ററിൽ പോയി സിനിമ കാണുന്നതാണ് ആവിഷ്കരിക്കുന്നതെങ്കിൽ തമിഴിൽ, വീട്ടിലെ ടെലിവിഷനിൽ ആണ് അവർ സിനിമ കാണുന്നത്. അതുപോലെ തമിഴ് സിനിമയിൽ ബൈക്കിൽ നാലുപേരും ഗ്രാമവഴികളിലൂടെ സഞ്ചരിക്കുന്നതും വഴിയോരത്തെ ചെറിയ ചായക്കടയിൽ നിന്നും ചില്ലറ പൈസയ്ക്ക് ചായ കുടിക്കുന്നതുമൊക്കെ കാണിക്കുന്നു. ഇവിടെയും തറവാട്ട് വീട്ടിലേക്ക് പോകുമ്പോൾ കയ്യിൽ സമ്മാനപ്പൊതി ഇല്ലാതെയാണ് കുടുംബം പ്രത്യക്ഷപ്പെടുന്നത്. അതുപോലെ തമിഴ് സിനിമയിൽ പൊട്ടിയ കണ്ണാടി നന്നാക്കുന്ന നായകനെ നിന്നും പിന്തിരിപ്പിക്കുവാനും കളിയാക്കുവാനും ശ്രമിക്കുന്ന നായികയെയും മക്കളെയും ആവിഷ്കരിക്കുന്നുണ്ട്. ആധുനികവൽക്കരണത്തിലേക്കുള്ള കടന്നുകയറ്റത്തിന്റെ പ്രതിഫലനങ്ങൾ കൂടിയാണ് ഇത്തരം ആവിഷ്കാരങ്ങൾ. തമിഴിൽ 'യേയാ എൻ കോട്ടിക്കാരാ' എന്ന് തുടങ്ങുന്ന ഗാനം കൂടുതൽ പ്രതീകാത്മകവും പ്രതിബിംബങ്ങളുടെ ആവിഷ്കാരത്തിൽ ആത്മീയ സൗന്ദര്യം പുലർത്തുന്നവയുമാണ്.

കഥയിലെ സംഘർഷാത്മകമായ സംഭവവികാസങ്ങൾക്ക് മുമ്പുള്ള ശാന്തതയെ എല്ലാ ഭാഷയിലും ഉള്ള പാട്ടുകൾ അടയാളപ്പെടുത്തുന്നുണ്ട്. ഇത് ദേശഭേദങ്ങൾക്ക് അതീതമായ വൈകാരികാംശത്തിന്റെ തുല്യതയെ അടയാളപ്പെടുത്തുന്നു. പാട്ടിന്റെ മലയാളം പതിപ്പിലാണ് വാണിജ്യ കേന്ദ്രമായ വസ്തുതകളുടെ പ്രകടനങ്ങൾ കൂടുതൽ കടന്നുവരുന്നത്. ഗാനത്തിന്റെ അവസാനം ഭർത്താവിന്റെ താൽപര്യം ഇല്ലാതെ ഗാർഹികോപരണങ്ങൾ മേടിക്കുന്ന നായികയെ കാണിക്കുന്നുണ്ട്. ഈ രംഗം മറ്റ് രണ്ട് ഭാഷകളിലും ഇല്ല.

'അരികത്തായാരോ പാടുന്നുണ്ടോ' എന്ന ബോഡിഗാർഡിലെ അനിൽ പനച്ചൂരാന്റെ വരികൾക്ക് ഔസേപ്പച്ചൻ സംഗീതം നൽകിയിരിക്കുന്നു. എലിസബത്ത് രാജു, യാസിർ സാലി

Vol. 10 Special Issue 1 December 2025
E-ISSN: 2456-5571

എന്നിവരാണ് പാടിയിരിക്കുന്നത്. സൗമ്യമായ താളം, വരികളെക്കാൾ മുകളിലല്ലാത്ത വിധത്തിലുള്ള താളവാദ്യ പശ്ചാത്തലം, ഈണം എന്നിവ മലയാളം, തമിഴ്, തെലുങ്ക് പതിപ്പുകളിൽ പിന്തുടരുന്നുണ്ട്. 'യാരത് യാരത്' എന്ന തമിഴ് വരികൾക്കൊപ്പം കടന്നുവരുന്ന ദൃശ്യങ്ങളിൽ കോളേജിനെയും വീടിനേയും പാർക്കിനേയുമൊക്കെ കൂടുതൽ ആധുനിക സ്വഭാവത്തോടെയാണ് കാണിച്ചിരിക്കുന്നത്. ചുരിദാർ പോലെയുള്ള വസ്ത്രങ്ങൾക്ക് പകരം ജീൻസ്,ടോപ് മുതലായ ആധുനിക വസ്ത്രങ്ങൾ പെൺകുട്ടികൾ ധരിക്കുന്നു.

തെലുങ്കിലെ 'എവ്വരോ എവ്വരോ' എന്നാ വരികളോടെയുള്ള പാട്ട് ദൃശ്യങ്ങളിലും മേൽപ്പറഞ്ഞ രീതിയിലുള്ള ആധുനികതയുടെ സൂചനകൾ കടന്നുവരുന്നുണ്ട്. എന്നാൽ മലയാളത്തിൽ ഗ്രാമീണതയോട് അടുത്ത് നിൽക്കുന്ന വിധത്തിൽ വസ്ത്രം, വീട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ ആവിഷ്കരിക്കുന്നു. മൂന്ന് പാട്ടുകളുടെ ദൃശ്യത്തിലും ഫുട്ബോൾ കളി ആവർത്തിച്ച് കടന്നുവരുന്നുണ്ട്. ഫോണിൽ സംസാരിക്കുന്ന നായികയുടെ ദൃശ്യങ്ങൾ പലപ്പോഴും സൗന്ദര്യപരതയുടെ പ്രാധാന്യത്തെ മുൻനിർത്തി ആവിഷ്കരിക്കുന്നുണ്ട്. കടും വർണ്ണത്തിലുള്ള വസ്ത്ര തെരഞ്ഞെടുപ്പുകൾ ആണ് പൊതുവേ തിരഞ്ഞെടുത്തിരിക്കുന്ന തെലുങ്ക് പാട്ട് രംഗങ്ങളിൽ കടന്നുവരുന്നത്.

സിനിമാ ഗാനങ്ങൾ കേവല വിനോദത്തിന് ഉപരിയായി കാണികളുടെ ചിന്തയെ രൂപപ്പെടുത്തുന്ന വിധത്തിലാണ് നിർമിച്ചിരിക്കുന്നത്. കാലഘട്ടത്തിന്റെ താത്താൽപര്യങ്ങളും വാണിജ്യ ഇടങ്ങളും രണ്ടു സിനിമകളിലെ പാട്ടുരംഗങ്ങളിലും പൊതുവായി സംഭവിക്കുന്നുണ്ട്. ക്രിക്കറ്റ് രംഗങ്ങളുടെ ആവർത്തനം ഇതിന്റെ ഉദാഹരണമാണ്. ജനപ്രിയ സാഹിത്യത്തിലും ജനപ്രിയ ദൃശ്യരൂപങ്ങളിലുമൊക്കെ ക്രിക്കറ്റ് പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഫോൺ എന്ന മാധ്യമം നിത്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെ രണ്ട് വ്യത്യസ്ത രീതിയിൽ ഈ രണ്ടു സിനിമകളും ആവിഷ്കരിക്കുന്നുണ്ട്. പാട്ട് രംഗങ്ങളിലും ഫോൺ ഒരു കഥാപാത്രത്തിന് തുല്യമായ സ്ഥാനത്തോട് കൂടി പ്രത്യക്ഷപ്പെടുകയും കഥാഗതിയെ തന്നെ നിയന്ത്രിക്കുന്ന വിധത്തിൽ ഇടപെടാൻ കഴിയുന്ന ഒരു വസ്തുവായി മാറ്റപ്പെടുകയും ചെയ്യുന്നു.

**നിഗമനങ്ങള്:**

വരികളുടെ ആശയങ്ങൾ വ്യത്യസ്തമായി നിലനിൽക്കുമ്പോൾ തന്നെ ഈ രണ്ടു ഗാനങ്ങളുടെയും വിവിധ ഭാഷാ പതിപ്പുകളിൽ ആവർത്തിച്ചു വരുന്ന ഘടകങ്ങൾ പ്രകൃതി സൗന്ദര്യവും ആധുനികതയുടെ സൂചകങ്ങളായ വിവിധ വസ്തുക്കളുമാണ് (വസ്ത്രം, ഭക്ഷണം മുതലായവ). ഈ ആവർത്തനം വാണിജ്യ താൽപര്യങ്ങൾക്ക് കലയെക്കാൾ പ്രാധാന്യമുണ്ടെന്ന് സൂചിപ്പിക്കുന്നു. അതേസമയം ഉപഭോഗപരതയുടെ വിനിമയ തന്ത്രങ്ങളെ കൂടിയാണിത്

വ്യക്തമാക്കുന്നത്. ഇതിലൂടെ സാംസ്കാരിക തുല്യത എന്ന ആശയം പരിപോഷിപ്പിക്കപ്പെടുകയും സിനിമാഗാനം ഇതിനായുള്ള ഒരു മാധ്യമമായി മാറുകയും ചെയ്യുന്നു.

ആശയങ്ങളെ സ്റ്റാൻഡേർഡൈസേഷൻ (Standardization) ചെയ്യുന്നത് വഴി സാംസ്കാരിക ഘടകങ്ങളെ വാണിജ്യ താല്പര്യത്തോടെ സ്വീകരിക്കാൻ തുടങ്ങുകയും അവിടെ പ്രാദേശികമായ സ്വത്വങ്ങളുടെ നഷ്ടമോ പരിവർത്തനമോ സംഭവിക്കുകയും ചെയ്യുന്നു. കൂടുതൽ ഏകീകൃതമായ (Homogenized) ഘടകങ്ങൾ രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നതിനോടൊപ്പം പൊതുവ്യാഖ്യാനങ്ങളിൽ ശങ്കകളും അതൃപ്തിയും തോന്നാത്ത വിധം വൈകാരിക ഘടകങ്ങളെ ശക്തമായ മാധ്യമായി ഉപയോഗപെടുത്തുന്നു.

## അവലംബം


1. രമേശ് ഗോപാലകൃഷ്ണൻ,2012, ജനപ്രിയ സംഗീതം, ഡിസി ബുക്സ്, കോട്ടയം
2. https://youtu.be/2PXwVCNWP2s?si=J9d4HGc6-HEZwgkz
3. https://youtu.be/5KH2WKISoxs?si=KdM4TVj2GXtFxbzj
4. https://youtu.be/ys_cT84eciQ?si=Couyld2Y1eQGVohh
5. https://youtu.be/7eSPgoss_5s?si=VZlls4CEv0qILW4l
6. https://youtu.be/754MiW-DJYQ?si=laQsdiBMyjKbUzTY
7. https://youtu.be/uV493v0FBdM?si=5BdOLrpxR60Noe6R